# INDIAN SCHOOL AL WADI AL KABIR

## Final Examination 2023-24

### Malayalam (3rd Lang.)

Date: 14/03/2024 Time Allowed: 2½ hours

Class: VII Maximum Marks: 80

---

* **Please check this question paper contains 5 printed pages and 15 questions**.

**1) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(10 x ½ = 5)**

a) ദേശീയപതാകയിലെ പച്ചനിറം എന്തിനെയാണ് സൂചിപ്പിക്കുന്നത് ?

( ത്യാഗത്തെ , വിശുദ്ധിയെ , സമൃദ്ധിയെ )

b) പണസഞ്ചിയുടെ കീറിയ ഭാഗങ്ങൾ തുന്നിക്കിട്ടാൻ വിഷ്ണു ആരെയാണ് സമീപിച്ചത് ?

( ഗ്രാമവാസിയെ , അയൽക്കാരനെ , തുന്നൽക്കാരനെ )

c) 'പാറുക പാറുക പൊൻകൊടിയേ' എന്ന കവിത എഴുതിയതാര് ?

( വള്ളത്തോൾ , സിപ്പി പള്ളിപ്പുറം , പി.കെ. പാറക്കടവ് )

d) അച്ഛന്റെ അഭിപ്രായത്തിൽ ഏറ്റവും വലിയ പാഠപുസ്തകം ഏതാണ് ?

( പ്രകൃതി , ജീവിതാനുഭവങ്ങൾ , യാത്രകൾ )

e) പ്രായമായവരെ പരിചരിക്കുന്നതിന് മദർതെരേസ്സ ആരംഭിച്ച സ്ഥാപനം ഏത് ?

( പ്രേംദാൻ , പ്രേംനിവാസ് , നിർമ്മൽഹൃദയ് )

f) ആരാണ് പണസഞ്ചി രഹസ്യമായി സൂക്ഷിച്ചുവെയ്ക്കാൻ വൃദ്ധയെ ഉപദേശിച്ചത് ?

( അയൽക്കാരൻ , ബീർബൽ , ബന്ധുക്കൾ )

g) മദർതെരേസ്സ ആരംഭിച്ച സന്ന്യാസിനീ സമൂഹത്തിന്റെ പേരെന്ത് ?

( മിഷൻ ഓഫ് ചാരിറ്റി , മിഷനറീസ് ഓഫ് ചാരിറ്റി , നിർമ്മൽഭവൻ )

h) 'ദേവദാരുക്കളുടെ നാട് ' എന്നറിയപ്പെടുന്ന രാജ്യമേത് ?

( ലിസ്ബൺ , ഭൂട്ടാൻ , ലെബനോൺ )

i) ആരാണ് വൃദ്ധയുടെ സ്വർണനാണയങ്ങൾ കണ്ടെത്തി അവർക്ക് തിരികെ നൽകിയത് ?

( രാജാവ് , തുന്നൽക്കാരൻ , ബീർബൽ )

j) ആരുടെ കൂടെയാണ് കുഞ്ഞുമോൻ ഉമ്മറത്തിരുന്നത് ?

( അച്ഛന്റെ കൂടെ , അമ്മയുടെ കൂടെ , അനുജന്റെ കൂടെ )

**2) ശരിയായ അർത്ഥം എടുത്തെഴുതുക.** **(8x ½= 4)**

a) തുന്നുക ( തയ്ക്കുക , തിരയുക , തളരുക )

b) വിളങ്ങുക ( വണങ്ങുക , വിടരുക , ശോഭിക്കുക )

c) ഒടുവിൽ ( ആദ്യം , ആഗ്രഹം , അവസാനം)

d) പ്രീതി ( അനിഷ്ടം , ഇഷ്ടം , വിശുദ്ധം )

e) വ്രണം ( മുറിവ് , അലിവ് , കനിവ് )

f) പ്രതീകം ( അടയാളം , അനുവാദം , അപരാധം )

g) കരം ( വികൃതി , ആകൃതി , നികുതി )

h) മുഴുത്ത ( ചെറിയ , വലിയ , വിലയേറിയ )

**3) ശരിയായ പര്യായപദങ്ങൾ എടുത്തെഴുതുക.** **(6x 1= 6)**

a) വീട് ( ഗ്രഹം , ഗൃഹം , ഭവനം , ഭുവനം )

b) സ്ത്രീ ( നാരി , മാരി , വനിത , തടിനി )

c) യാത്ര ( വനം , ധ്യാനം , യാനം , പ്രയാണം )

d) മഞ്ഞ് ( ഹിമം , തുഷാരം , സലിലം , ധേനു )

e) കാറ്റ് ( അർക്കൻ , അനിലൻ , ആദിത്യൻ , മാരുതൻ )

f) പ്രഭാതം ( ഉഷസ്സ് , വിധു , ശ്രേയസ്സ് , വിഭാതം )

**4) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക.** **(6x ½= 3)**

a) തീർത്ഥയാത്ര / തീർത്തയാത്ര / തീർദ്ധയാത്ര

b) അന്വേശണങ്ങൾ / അന്വേഷനങ്ങൾ / അന്വേഷണങ്ങൾ

c) സൂത്രക്കാരൻ / സൂത്രകാരൻ / സൂത്രഗാരൻ

d) മാലാഘ / മാലാവ / മാലാക്ക

e) നാടോടിഗോത്രം / നാടോടിഗൊത്രം / നാടോട്ടിഗോത്രം

f) കുഷ്ട്ടരോഗികൾ / കുഷ്ഠരോഗികൾ / കുശ്ഠരോഗികൾ

**5) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക.** **(3x 1= 3)**

a) അടുത്ത / ബംഗളൂരു / അവധിക്ക് / ക്രിസ്തുമസ് / പോകും / ഞാൻ

b) ആരും / കൈക്കലാക്കി / കാണാതെ / വിഷ്ണു / പണസഞ്ചി / വൃദ്ധയുടെ

c) രോഗികളെ / ശുശ്രൂഷിച്ചു / മദർ / കരുണയോടെ

**6) വിപരീതപദം എഴുതുക.** **(8x ½= 4)**

| | |
|---|---|
| a) ഉപകാരം | b) കരയുക |
| c) കയ്പ് | d) രസികൻ |
| e) അഭിമാനം | f) പുറത്ത് |
| g) ദൂരെ | h) ഓർമ്മ |

**7) എതിർലിംഗം എഴുതുക** **(6x ½= 3)**

| | |
|---|---|
| a) ബാലൻ | b) അയൽക്കാരൻ |
| c) മകൾ | d) വൃദ്ധൻ |
| e) ബുദ്ധിമാൻ | f) മഹാൻ |

**8) ചേർത്തെഴുതുക** **(4x 1= 4)**

| | |
|---|---|
| a) കരി + ഇല | b) വല്ല + ഇടത്തും |
| c) നാട് + ഉണ്ട് | d) മറന്നിട്ട് + ഇല്ല |

**9) പിരിച്ചെഴുതുക** **(4x 1= 4)**

| | |
|---|---|
| a) തനിച്ചായിരുന്നു | b) കുറച്ചകലെ |
| c) ഉയരെപ്പാറുക | d) സുഖമാണോ |

**10) വിഗ്രഹിക്കുക** **(3x ½= 1½)**

| | |
|---|---|
| a) സ്വർണ്ണനാണയം | b) വേപ്പുമരം |
| c) പണസഞ്ചി | |

**11) ആഴ്ചയിലെ ദിവസങ്ങൾ മലയാളത്തിൽ എഴുതുക.** **(3½ )**

**12) പാഠഭാഗത്തുള്ളതു പോലെ കവിത പൂർത്തിയാക്കുക. (5 വരി )** **(5)**

പാറുക പാറുക -----------------------------------

--------------------------------------------------

------------------------------------ തന്റെ നിറം !

**13) ഏതെങ്കിലും 8 പഴങ്ങളുടെ പേര് മലയാളത്തിൽ എഴുതുക.** **(4)**

**14) താഴെ തന്നിട്ടുള്ള ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **(10x2½ =25)**

1) ബീർബൽ കള്ളനെ കണ്ടുപിടിച്ചത് എങ്ങനെ ?

2) അച്ഛൻ കുഞ്ഞുമോന് പറഞ്ഞു കൊടുത്ത കഥ ഏതാണ് ?

3) ആരുമില്ലാത്തവരെ സ്നേഹിക്കുന്നത് എന്ത് പോലെയാണെന്നാണ് മദർതെരേസ്സ പറയുന്നത് ?

4) യാത്ര കഴിഞ്ഞെത്തിയ വൃദ്ധ ഉറക്കെക്കരയാൻ കാരണമെന്ത് ?

5) ' കൊടുങ്കാറ്റ് ചീറിയടിക്കുന്ന ദിവസങ്ങളിൽ അമ്മയ്ക്ക് ആധിയാണ് ' എന്തുകൊണ്ട് ?

6) വൃദ്ധ അയൽക്കാരനോട് അപേക്ഷിച്ചതെന്ത് ?

7) നിർമ്മൽ ശിശുഭവനിൽ ആരെല്ലാമാണ് താമസിക്കുന്നത് ?

8) വൃദ്ധ എവിടേയ്ക്ക് യാത്ര പോകാനാണ് തീരുമാനിച്ചത് ?

9) അച്ഛന്റെ സാന്നിധ്യം എന്തുപോലെയാണ് കുഞ്ഞുമോന് അനുഭവപ്പെട്ടത് ?

10) ആരോട് നന്ദി പറഞ്ഞാണ് വൃദ്ധ തിരിച്ചു പോയത് ?

11) വിഷ്ണു വൃദ്ധയോട് എന്താണ് പറഞ്ഞത് ?

12) മൂവർണ്ണക്കൊടിയിലെ നിറങ്ങൾ ഏതെല്ലാം ?

**15) ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **(5 x 1= 5)**

മലയാളസാഹിത്യത്തിലെ മുഴുത്ത ചിരിയാണ് കുഞ്ചൻനമ്പ്യാർ. തുള്ളൽ എന്ന കലാരൂപത്തിലൂടെ പണ്ഡിതനെയും പാമരനെയും ഒരേ പോലെ രസിപ്പിച്ച അദ്ദേഹം വ്യക്തിജീവിതത്തിലും രസികനായിരുന്നു. കുഞ്ചൻനമ്പ്യാർ മാർത്താണ്ഡ-വർമ്മ മഹാരാജാവിന്റെ ആശ്രിതനായിരുന്ന കാലം. ഒരിക്കൽ മഹാരാജാവ് അമ്പലപ്പുഴയിലേക്ക് എഴുന്നള്ളി. ഒപ്പം പരിവാരങ്ങളും. കൂട്ടത്തിൽ കുഞ്ചൻനമ്പ്യാരും ഉണ്ടായിരുന്നു.

നേരം ഉച്ചയായി. മഹാരാജാവും പരിവാരങ്ങളും ഊണു കഴിക്കാൻ ഇരുന്നു. ഊണിന്റെ ഒടുവിൽ പ്രസിദ്ധമായ അമ്പലപ്പുഴ പാൽപ്പായസം വിളമ്പി. എല്ലാവരും സ്വാദറിഞ്ഞ് കഴിക്കുകയാണ്. രാജാവിന്റെ നെറ്റി ചുളിഞ്ഞു. "എന്തൊരു കയ്പാണ് ഈ പഞ്ചാരപ്പായസത്തിന്..." രാജാവ് ഭക്ഷണം നിർത്തി എഴുന്നേറ്റു. പരിവാരങ്ങൾ ഞെട്ടി തല ഉയർത്തി. ഒന്നാംതരം പായസം. എത്ര കഴിച്ചാലും മതിയാവില്ല. പക്ഷേ, രാജാവ് കയ്പുണ്ട് എന്നു പറഞ്ഞ് കഴിക്കുന്നതു നിർത്തി എഴുന്നേറ്റാൽ, പിന്നെ കഴിക്കുന്നതെങ്ങനെ? അവരും ചാടിയെഴുന്നേറ്റ് പരസ്പരം പറയുവാൻ തുടങ്ങി: "ശരിയാ, എന്തൊരു കയ്പാണീ പായസത്തിന്." രാജപ്രീതി മാത്രമായിരുന്നു അവരുടെ ലക്ഷ്യം. രാജാവ് നോക്കുമ്പോൾ ഒരാൾ മാത്രം കുനിഞ്ഞിരുന്ന് പായസം കഴിച്ചു കൊണ്ടിരിക്കുന്നു. അത് കുഞ്ചൻ നമ്പ്യാരായിരുന്നു."എന്താ, നമ്പ്യാർക്ക് പഞ്ചാരപ്പായസത്തിന് കയ്പ് ഇല്ലേ? "രാജാവ് ചോദിച്ചു. " നല്ല കയ്പുണ്ട് മഹാരാജാവേ... പഞ്ചാരയുടെ കയ്പ് അടിയന് ഇഷ്ടമാണെന്ന് മാത്രം". നമ്പ്യാർ വീണ്ടും പായസം വലിച്ചു കുടിച്ചു. മഹാരാജാവ് പൊട്ടിച്ചിരിച്ചപ്പോഴാണ് തങ്ങൾ പരീക്ഷിക്കപ്പെടുകയായിരുന്നു എന്ന് പരിവാരങ്ങൾക്കു മനസ്സിലായത്.
അവർ നാണിച്ചു തല താഴ്ത്തി.

**<u>ചോദ്യങ്ങൾ</u>**

1) ' മലയാളസാഹിത്യത്തിലെ മുഴുത്ത ചിരി ' എന്നറിയപ്പെടുന്നത് ആര് ?
2) കുഞ്ചൻനമ്പ്യാർ ആരുടെ ആശ്രിതനായിരുന്നു ?
3) മാർത്താണ്ഡവർമ്മയും പരിവാരങ്ങളും എവിടേക്കാണ് എഴുന്നള്ളിയത് ?
4) ഊണിന്റെ ഒടുവിൽ എന്താണ് വിളമ്പിയത് ?
5) ആരാണ് നാണിച്ചു തല താഴ്ത്തിയത് ?

***